പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5151 — 24-10-2011 - ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ജലസേചന സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയ്ക്ക് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തുതുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി 189.5 ലക്ഷം രൂപ 2011-13 കാലയളവിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്. ഇതുകൂടാതെ കനാലുകളും റഗുലേറ്ററുകളും ഉൾപ്പെടെ ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റ പണികൾക്കായി 2011-13 കാലയളവിൽ 292 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |
| (ബി) ഇതിലേക്കായി എത്ര ജലസേചന പ്രോജക്ടുകൾ ജില്ലയിൽ നിന്നും സമർപ്പിച്ചിട്ടുണ്ട് ; ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേയ്ക്ക് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, ഷിറിയ, കവായി നദീതടങ്ങളിലെ കുളങ്ങളുടെ നവീകരണത്തിനായി യഥാക്രമം 130 ലക്ഷം, 140 ലക്ഷം, 200 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഇതിൽ 2011-13 കാലയളവിൽ നാല് കുളങ്ങളുടെ നവീകരണത്തിനായുള്ള 189.5 ലക്ഷം രൂപയും ഉൾപ്പെടുന്നു.<br><br>2011-13 കാലയളവിലേയ്ക്കായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കനാലുകളും റഗുലേറ്ററുകളും ഉൾപ്പെടെ നാല് ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റ പണികൾക്കുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്